**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3026** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യങ്ങളുടെ ഗുണനിലവാരം മനസ്സിലാക്കുന്നതിനും മായം ചേർത്തിട്ടുണ്ടോ യെന്ന് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും വേണ്ടി വികസിപ്പിച്ചെടുത്ത സ്ട്രിപ്പുകൾ പൊതു വിപണിയിൽ ലഭ്യമല്ലാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മത്സ്യങ്ങളുടെ ഗുണനിലവാരം മനസ്സിലാക്കുന്നതിനും മായം ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്താനും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ച സ്ട്രിപ്പുകൾ പൊതുവിപണിയിൽ നിലവിൽ ലഭ്യമാണ്. CIFT വികസിപ്പിച്ച സ്ട്രിപ്പുകൾ വിതരണം ചെയ്യുന്നതിന് സ്വകാര്യകമ്പനിയുമായി ധാരണയിൽ ഏർപ്പെടുകയും പൊതുവിപണിയിൽ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. The Industrial and Laboratories Equipment Co., Chalai, Thiruvananthapuram എന്ന കമ്പനി വഴിയാണ് കേരളത്തിൽ കിറ്റുകൾ വിതരണം ചെയ്യുന്നത്. |
| (ബി) | പ്രസ്തുത സ്ട്രിപ്പുകൾ പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി മായം ചേർത്ത മത്സ്യങ്ങൾ ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് പൊതുസമൂഹത്തെ ഒഴിവാക്കുന്നതിനുമായി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ? | (ബി) | ജില്ലകൾ കേന്ദ്രീകരിച്ച് മൽസ്യമാർക്കറ്റുകളിലും ഹാർബറുകളിലും മറ്റ് മൽസ്യവിപണന കേന്ദ്രങ്ങളിലും ഭക്ഷ്യവകുപ്പും, ഫിഷറീസ് വകുപ്പും സംയുക്തമായി ഭക്ഷ്യസുരക്ഷ പരിശോധനകൾ നടത്തി വരുന്നുണ്ട്. മൽസ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി ഭക്ഷ്യവകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടത്തുന്ന പദ്ധതിയാണ് "ഓപ്പറേഷൻ മൽസ്യ'. മൽസ്യപരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിക്കുന്നു. പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന് മതിയായ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ മത്സ്യം ശാസ്ത്രീയ സംസ്കരണം നടത്തി കച്ചവടം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ളതും മായം കലരാത്തതുമായ മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവിടങ്ങളിൽ നിന്നും മത്സ്യം ശേഖരിക്കുന്നതിനായി 9 തീരദേശ ജില്ലയിലും മത്സ്യ |

| | | | |
|---|---|---|---|
| | | | സംഭരിക്കുന്ന കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷൻ) പ്രവർത്തിക്കുന്നുണ്ട്. മത്സ്യ സംഭരണ കേന്ദ്രങ്ങൾ വഴി മത്സ്യഫെഡ് ശേഖരിക്കുന്ന മത്സ്യം ഗുണ ഭോക്താക്കളിലേക്ക് എത്തിക്കുന്നതിന് സർക്കാർ ധനസഹായത്തോടെ എയർകണ്ടീഷൻ സംവിധാനത്തോടു കൂടിയ 43 ഫിഷ് മാർട്ടുകളും, സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള 17 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും, 15 അന്തിപ്പച്ച യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>കൊല്ലം ശക്തികുളങ്ങരയിലെ മത്സ്യ സംസ്കരണ യൂണിറ്റിൽ വൃത്തിയായ അന്തരീക്ഷത്തിൽ തികച്ചും ശുചിത്വപൂർണ്ണമായി വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളാക്കി വിവിധ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഗുണ ഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. ഇത് 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും ലഭ്യമാണ്. ഇതിന് പുറമേ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യ വില്പനയ്ക്ക് വാഹനം, കിയോസ്ക് എന്നിവ സ്വകാര്യ വ്യക്തികൾക്ക് ധനസഹായത്താൽ അനുവദിച്ച് വരുന്നു.<br><br>മത്സ്യലഭ്യത കൂടുതലുള്ള കാലയളവിൽ മത്സ്യം സംഭരിച്ച് മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിന് എല്ലാ ഹാർബറുകളിലും കോൾഡ് സ്റ്റോറേജുകളും, ഫ്രീസിംഗ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ